# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **6704** **09/7/2014**-ൽ മറുപടിക്ക്

## കാഴ്ചബംഗ്ലാവുകളുടെയും മൃഗശാലകളുടെയും നവീകരണം

ചോദ്യം

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. റ്റി.യു. കുരുവിള :

ശ്രീ. സി.എഫ്.തോമസ് :

ഉത്തരം

കുമാരി. പി.കെ. ജയലക്ഷ്മി

(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാഴ്ചബംഗ്ലാവുകളുടെയും മൃഗശാലകളുടെയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) ആന്റ് (ബി) | തിരുവനന്തപുരം ആർട്ട് മ്യൂസിയത്തിന്റെ പുനരുദ്ധാരണ പദ്ധതി സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരളം മ്യൂസിയം മുഖേന നടപ്പിലാക്കിവരുന്നു. നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ പ്രവേശന കവാടം കേരള ശില്പകലാ ശൈലിയിൽ നവീകരിച്ചു. നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ പ്രദർശന രീതികൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. തിരുവനന്തപുരം, തൃശ്ശൂർ മ്യൂസിയങ്ങളിൽ 3 ഡി തിയേറ്ററുകൾ സ്ഥാപിച്ചു. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കായി വീൽചെയറുകൾ പോകത്തക്ക രീതിയിൽ നടപ്പാത സജ്ജീകരിച്ചിട്ടുണ്ട്. മൃഗശാല ചുറ്റികാണുന്നതിന് സന്ദർശകരുടെ സൗകര്യാർത്ഥം 4 ബാറ്ററി വാഹനങ്ങൾ വാങ്ങുകയും സന്ദർശകർക്ക് വിശ്രമിക്കുന്നതിനായി ഷെൽട്ടറുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കടപുഴകി വീണ മരങ്ങളുടെ തടികൾ ഉപയോഗിച്ച് സന്ദർശകർക്കായി ഇരിപ്പിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. മൃഗശാലകളിലെ മൃഗങ്ങൾക്ക് നല്ല പരിചരണം നൽകുന്നതിനായി ആധുനിക രീതിയിലുള്ള വെറ്ററിനറി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. |
| (ബി) | മൃഗശാലകളിൽ മൃഗങ്ങൾക്ക് നല്ല പരിചരണവും സന്ദർശകർക്കു മെച്ചപ്പെട്ട സൗകര്യങ്ങളും നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | | |
| (സി) | സന്ദർശകരുടെ തിരക്ക് പരിഗണിച്ച് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) | സന്ദർശകരുടെ തിരക്ക് കൂടുന്നത് പരിഗണിച്ച് ടിക്കറ്റിംഗ് കിയോസ്കുകൾ സ്ഥാപിക്കുകയും വാഹനസൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തിരക്കുള്ള സമയങ്ങളിൽ കൂടുതൽ സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ